മലയാള മനോരമ
ESTABLISHED 1888
14 August 2021



സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ മരടിൽ നടത്തിയ കൂടുമത്സ്യകൃഷിയിൽ നിന്നുള്ള കരിമീൻ വിളവെടുപ്പ്.

# സിഎംഎഫ്ആർഐ കൂടു മത്സ്യക്കൃഷിയിൽ കരിമീൻ വിളവെടുപ്പ്

കൊച്ചി● കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ നെട്ടൂർ- മരട് കായലിൽ നടത്തിയ കൂടുകൃഷിയിൽ ഒരു മത്സ്യക്കൂടിൽ നിന്നു മാത്രം 600 കിലോഗ്രാം കരിമീൻ വിളവെടുത്തു. കിലോയ്ക്ക് 450 രൂപ നിരക്കിൽ കൃഷിയിടത്തിൽ തന്നെ മീൻ വിറ്റഴിച്ചതോടെ കുടുംബങ്ങൾക്കു ലഭിച്ചത് 2.73 ലക്ഷം രൂപയുടെ വരുമാനം.

കഴിഞ്ഞ ഒക്ടോബറിലാണു മത്സ്യക്കൂടിൽ 2000 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു കൃഷിയാരംഭിച്ചത്. മരടിലെ 'പുഴയോരം' സ്വയം സഹായക സംഘത്തിനു കൃഷി തുടങ്ങാനുള്ള മത്സ്യക്കൂട്, മീൻകുഞ്ഞുങ്ങൾ, തീറ്റ തുടങ്ങിയവയും സാങ്കേതിക സഹായവും സിഎംഎഫ്ആർഐ നൽകി. 10 മാസത്തിനു ശേഷമുള്ള വിളവെടുപ്പിൽ കരിമീന് ശരാശരി 380 ഗ്രാം വരെ വളർച്ചയുണ്ടായി. അതിജീവന നിരക്ക് 95 ശതമാനമായിരുന്നു.

പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ കെ. മധുവിന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘമാണു കൂടുകൃഷിക്കു മേൽനോട്ടം വഹിച്ചത്. മരട് നഗരസഭാ വൈസ് ചെയർപേഴ്സൻ രശ്മി സനിൽ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു.